പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ : **3868**

**12-12-2018-ൽ** മറുപടി നൽകേണ്ടിയിരുന്നത്

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് നിയമനം**

| | ചോദ്യം<br>ശ്രീ. ബി. സത്യൻ | മറുപടി<br>പിണറായി വിജയൻ (മുഖ്യമന്ത്രി) |
|---|---|---|
| (എ) | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ നടക്കുന്നത് പി. എസ്. സി മുഖേനയാണോ; വിവിധ വകുപ്പുകളിലേയ്ക്ക് തയ്യാറാക്കുന്ന പൊതു റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെയാണോ ഇവരെ നിയമിക്കുന്നത് ; | (എ) അതെ |
| (ബി) | സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന പി. ആർ. ഡി ഡയറക്ടറേറ്റിൽ നിയമനം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് മറ്റ് വകുപ്പുകളിലെ സമാന തസ്തികക്കാർക്ക് ലഭിക്കുന്ന 10% സ്ഥാനകയറ്റം ലഭിക്കുന്നുണ്ടോ; അവരുടേതല്ലാത്ത കുറ്റത്താൽ സ്ഥാനകയറ്റം നിഷേധിക്കപ്പെടുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; | (ബി) & (സി)<br>വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക്/ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 10% അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ക്ലറിക്കൽ/ടൈപ്പിസ്റ്റ് തസ്തികകളിൽ വകുപ്പ് നേരിട്ട് നിയമനം നടത്തുന്നില്ല. ജില്ലാ/മേഖലാ ഓഫീസുകളിൽ റവന്യൂ വകുപ്പിൽനിന്നും, ഡയറക്ടേറ്റിൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ നിന്നുമാണ് നിയമനം നടത്തുന്നത്. വകുപ്പിന് സ്വന്തമായി ക്ലറിക്കൽ/ടൈപ്പിസ്റ്റ് തസ്തികകളില്ലാത്തതിനാലാണ് തസ്തികമാറ്റ നിയമനം നടക്കാത്തത്. ഇത് സംബന്ധിച്ച് ലഭിച്ച പരാതി പരിശോധിച്ചുവരുന്നു. |
| (സി) | ഇവർക്ക് ഉചിതമായ പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ? | |

Swathi

സെക്ഷൻ ഓഫീസർ